## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ്- ജീവനക്കാര്യം- ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ സി.കെ. ചന്ദ്രൻ എന്നയാളുടെ മകളും ആശ്രിതയുമായ ശ്രീമതി.സുനു.സി.ചന്ദ്രന് പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(എം.എസ്) നം.123/2016/തസ്വഭവ. തീയതി, തിരുവനന്തപുരം,26/08/2016.

പരാമർശം :
1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.
2) ജി.ഒ.(പി) നം.14/10/പി & എ ആർ.ഡി തീയതി, 12/04/2010.
3) ശ്രീമതി.സുനു.സി. ചന്ദ്രന്റെ 29/10/2014 ലെ അപേക്ഷ
4) പഞ്ചായത്ത് ഡയറക്ടറുടെ 06/06/2015,19/12./2015 തീയതികളിലെ ഇ 3-11064/2015 നമ്പർ കത്തുകൾ.
5) തൊടുപുഴ താലൂക്ക് തഹസിൽദാരുടെ 14/10/2014-ലെ 8601/14/എഫ്1/കെ.ഡിസ് നം. സാക്ഷ്യപത്രം.
6) ഇടുക്കി ജില്ലാ കളക്ടറുടെ 06.06.2016 ലെ എ 8-4303/16 നമ്പർ കത്ത്.

### ഉത്തരവ്

ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ സി.കെ. ചന്ദ്രന്റെ മകളും ആശ്രിതയുമായ ശ്രീമതി.സുനു.സി.ചന്ദ്രൻ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചു. പരേതനായ സി.കെ. ചന്ദ്രന് 05 വർഷവും 01 മാസവും സേവനകാലമുണ്ട്.

ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ ഫുൾ ടൈം സ്വീപ്പറായിരിക്കെ 27/01/2014 ലാണ് സി.കെ. ചന്ദ്രൻ നിര്യാതനാവുന്നത്. അപേക്ഷകയായ ശ്രീമതി. സുനു.സി.ചന്ദ്രൻ പരേതന്റെ മകളാണ്. ടിയാൾ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനതീയതി 08.08.1992 ആണ്. 24 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക +2 പരീക്ഷ പാസ്സായിട്ടുണ്ട്. വിവാഹശേഷവും പരേതന്റെ ആശ്രിതയായിരുന്നുവെന്ന് പരാമർശം 5 പ്രകാരം തൊടുപുഴ താലൂക്ക് തഹസിൽദാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.പഞ്ചായത്ത് വകുപ്പിൽ ഇടുക്കി ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൾ അപേക്ഷിച്ചിട്ടുള്ളത്. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

അപേക്ഷയോടൊപ്പം പരേതനായ സി.കെ. ചന്ദ്രന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സേവന സാക്ഷ്യപത്രം,

അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ് , സത്യവാങ്മൂലം അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശികളുടെ സമ്മതപത്രം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 36,000/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും ഇടുക്കി ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പറായിരിക്കെ മരണമടഞ്ഞ സി.കെ. ചന്ദ്രന്റെ മകളും ആശ്രിതയുമായ ശ്രീമതി.സുനു.സി. ചന്ദ്രൻ ചെന്നാട്ടു ഹൌസ്, കോലാനി പി.ഓ, തൊടുപുഴ, ഇടുക്കി -ന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് പരാമർശം 1,2 ലെ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ/ അടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ എൽ.ഡി. ക്ലാർക്ക് തസ്തികയിലെ ഒഴിവിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശത്തിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ മരണമടഞ്ഞ സി.കെ. ചന്ദ്രന്റെ സേവന സാക്ഷ്യപത്രത്തിലും എസ്റ്റാബ്ളിഷ്മെൻറ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാൾക്ക് ആശ്രിതനിയമന വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രമേശൻ** എം. കെ.
ഗവ.ജോയിൻറ് സെക്രട്ടറി

ശ്രീമതി.സുനു,സി. ചന്ദ്രൻ, ചെന്നാട്ടു ഹൌസ്, കോലാനി പി.ഓ, തൊടുപുഴ, ഇടുക്കി -685608
(രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം ( എല്ലാ രേഖകളും ഉൾപ്പെടെ)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
ജില്ലാ കളക്ടർ, ഇടുക്കി
സെക്രട്ടറി, ഏലപ്പാറ ഗ്രാമപഞ്ചായത്ത്, ഇടുക്കി
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.ഫയൽ നം. ഇ-412/ഇപിഎ 3/2016/തസ്വഭവ.)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ